## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2557 01.04.2013-ൽ മറുപടിയ്ക്ക്

## നായാടി സമുദായക്കാരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന നടപടി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ എസ്.സി. വിഭാഗത്തിൽപ്പെടുന്ന നായാടി സമുദായക്കാരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിലുള്ള (Sl.No.43) നായാടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ 14.07.2010-ാം തീയതിയിലെ നം.6903/G1/10/SCSTDD കത്ത് മുഖേന കേന്ദ്ര സർക്കാരിന് ശുപാർശ ചെയ്തിട്ടുണ്ടായിരുന്നു. |
| (ബി) | ഇത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്, കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന്റെ 07.02.13-ലെ F.No.12026/28/2009-C&LM-I നമ്പർ കത്ത് പ്രകാരം നായാടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുവാനുള്ള സംസ്ഥാന സർക്കാരിന്റെ ശുപാർശ നിരസിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രാക്തന ഗോത്ര വിഭാഗത്തിൽ ഉൾപ്പെടുന്ന ഇവരെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിലവിൽ എന്തു തടസ്സങ്ങളാണുള്ളത് എന്ന് വിശദമാക്കുമോ ? | (സി) | ഒരു സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത് ആയതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ ശുപാർശ പ്രകാരം കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ 15.06.99-ൽ (25.06.02-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്) പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലാണ് ഒരു സമുദായത്തെ പട്ടികജാതി/ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത നടപടിക്രമങ്ങൾ പ്രകാരം ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ ശുപാർശ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയും (RGI), നാഷണൽ കമ്മീഷൻ ഫോർ ഷെഡ്യൂൾഡ് ട്രൈബ്സും (NCST) അംഗീകരിക്കേണ്ടതുണ്ട്. പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുവാനുള്ള മാനദണ്ഡം നായാടി സമുദായം പാലിക്കുന്നില്ലെന്ന രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുവാനുള്ള സംസ്ഥാന സർക്കാരിന്റെ ശുപാർശ നിരസിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ